**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2488** — **09.12.2014-ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണ മുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണനരംഗം ശക്തിപ്പെടുത്തിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.<br><br>വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br><br>ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 150 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു. |

**(ബി)** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാനമായ ഫാക്ട് ലിമിറ്റഡ് നേരിടുന്ന വൻ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഫാക്ടിന്റെ എൽ.എൻ.ജി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് വാങ്ങുന്ന എൽ.എൻ.ജി.യിന്മേലുള്ള 14.5% മൂല്യവർദ്ധിത നികുതി (കെ.വി.എ.റ്റി) ഒഴിവാക്കിക്കൊടുക്കുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.
ഫാക്ടിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യംവച്ചുകൊണ്ട് ഫാക്ട് സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ളിക് എന്റർപ്രൈസസ് (ബി.ആർ.പി,എസ്.ഇ) ശുപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയും വേഗം ഫാക്ടിന് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു; മുഖ്യമന്ത്രി, ബഹു: കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

**(സി)** കേന്ദ്ര സർക്കാർ ഏജൻസികളുമായും, സംസ്ഥാന സർക്കാർ വകുപ്പുകളുമായും ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ നേടുന്നതിനും വാണിജ്യ വ്യവസായ രംഗം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**(സി)** ഉണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

- സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമൻറ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കു ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കി.
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ആന്ധ്രപ്രദേശ് സർക്കാരിൽ നിന്നും ഓർഡറുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

- കെൽ, ട്രാക്കോ എന്നീ സ്ഥാപനങ്ങൾ കർണ്ണാടക സർക്കാർ സ്ഥാപനമായ ബെസ്റ്റ്കോ മിൽ നിന്ന് കൂടുതൽ ഓർഡറുകൾ നേടി വിപണി വിപുലീകരണം നടത്തിയിട്ടുണ്ട്.

- കെൽട്രോണിൻെറ പ്രവർത്തനവിപുലീകരണത്തിൻെറ ഭാഗമായി വി.എസ്.എസ്.സിയുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും വകുപ്പിൻെറ കീഴിലുള്ള ഏജൻസികളിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു.

- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർ ജിംഗ്സിന് വി.എസ്.എസ്.സിയിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളത്തിലെ ഇതര സർക്കാർ വകുപ്പുകളിൽനിന്നും, ഇതര സംസ്ഥാനങ്ങളിലെ വകുപ്പുകളിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

### എഫ്.എ.സി.ടി.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന FACT, 991 കോടി രൂപയുടെ ഒരു പുനരുദ്ധാരണ പാക്കേജിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീസ്ട്രക്ചറിംഗ് ഓഫ് പബ്ലിക് സെക്ടർ എന്റർപ്രൈസസ് (BRPSE) അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. FACT യുടെ സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ, FACT തങ്ങളുടെ LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വാങ്ങുന്ന LNG യ്ക്ക് KVAT ഒഴിവാക്കി നൽകുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

### എച്ച്.എൻ.എൽ

ഇറക്കുമതി ചെയ്യുന്ന പത്രക്കടലാസ് എല്ലാ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു - അതേ സമയം ഇറക്കുമതി ചെയ്യുന്ന കൽക്കരിക്ക് 2% കസ്റ്റംസ് തീരുവയും 2% സി.വി.ഡി.യും നൽകേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന സർവ്വീസ് ടാക്സ് എച്ച്.എൻ.എൽ. - ന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു. എന്നാൽ ന്യൂസ്പ്രിന്റിന് എക്സൈസ് തീരുവ ഇല്ലാത്തതിനാൽ അത് സർവ്വീസ് ടാക്സിന് എതിരായി വക വച്ചു കിട്ടുവാൻ സാധിക്കുകയില്ല. ന്യൂസ്പ്രിന്റ് എന്ന ഉല്പന്നം ഓ.ജി.എൽ. (ഓപ്പൺ ജനറൽ ലൈസൻസ്) എന്ന ഗണത്തിൽ പെടുന്നതിനാൽ തീരുവ കൂടാതെ ഇറക്കുമതി ചെയ്യാൻ സാധിക്കുന്നു. എന്നാൽ ഇതു നിർമ്മിക്കാനാവശ്യമായ എല്ലാ വസ്തുക്കൾക്കും ഇറക്കുമതി ചെയ്യുമ്പോൾ എച്ച.എൻ.എൽ. (2.5% മുതൽ 26.84% വരെ) ഡ്യൂട്ടി കൊടുക്കേണ്ടി വരുന്നു.

### എച്ച്.ഐ.എൽ

കയറ്റുമതി മേഖലയിൽ നിന്നും മികച്ച ആദായം നേടിത്തന്നിരുന്ന എൻഡോസൾഫാന്റെ നിരോധനം യൂണിറ്റിന്റെ ടേൺ ഓവർ ഏറെ കുറയുന്നതിനിടയാക്കി.

## എച്ച്.എം.ടി.

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് എച്ച്.എം.ടി. നേരിടുന്ന പ്രധാന പ്രതിസന്ധി. റിട്ടയർമെന്റിന് അനുസരിച്ച് പുതിയ നിയമനങ്ങൾ ഇല്ലാത്തതും സമയബന്ധിതമായ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കത്തതു മൂലം വിദഗ്ദ്ധ തൊഴിലാളികൾ രാജിവച്ചു പോകുന്നതും കമ്പനിയുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. എച്ച്.എം.ടി. യുടെ കൈവശമുള്ള ഭൂമി സ്വകാര്യ വ്യക്തികൾ / മതസ്ഥാപനങ്ങൾ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൈയ്യേറുന്നതും സ്ഥാപനത്തിന്റെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

## ഐ.ആർ.ഇ.എൽ.

ഐ.ആർ.ഇ.എൽ-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ തടസ്സങ്ങൾ ഉന്നയിക്കുന്നതുമൂലം കമ്പനി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കവും തദ്ദേശവാസികൾക്ക് കമ്പനിയിൽ ജോലി നൽകണമെന്ന അവകാശവും അതിനോടുള്ള കമ്പനിയുടെ വിയോജിപ്പും മൂലം കമ്പനിയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അസംസ്കൃത വസ്തു ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

## എച്ച്.ഒ.സി.

ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, അമ്പലമുഗൾ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ 3 വർഷമായി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കമ്പനിയുടെ ഉൽപന്നങ്ങളുടെ അനിയന്ത്രിതമായ ഇറക്കുമതിയാണ് കമ്പനി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് കാരണം നടപ്പു സാമ്പത്തിക വർഷം ഇറക്കുമതിയെ തടയിടാനായി ആന്റി ഡംബ്ബിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പ്രവർത്തന മൂലധനത്തിന്റെയും അസംസ്കൃത വസ്തുക്കളുടേയും ലഭ്യത കുറവുമൂലം പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല. ഇവയുടെ അഭാവം മൂലം കമ്പനിക്ക് നടപ്പു സാമ്പത്തിക വർഷം പ്രവർത്തന ശേഷിയുടെ 16% മാത്രമേ വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. അസംസ്കൃത വസ്തുക്കൾ വാങ്ങിച്ച വകയിലും, ജീവനക്കാരുടെ 4 മാസത്തെ ശമ്പള കുടിശ്ശികയിനത്തിലും 78 കോടി രൂപ കൊടുത്ത തീർക്കുവാനുണ്ട്.

## ഇൻസ്ട്രുമെന്റേഷൻ

1975 - ൽ പ്രവർത്തനമാരംഭിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഇപ്പോൾ അഭിമുഖീകരിച്ചു വരുന്ന പ്രതിസന്ധി ഉൽപ്പാദനത്തിനുള്ള ഓർഡർ ലഭിക്കുന്നത് വളരെ കുറവാണെന്നതാണ്.

## കൊച്ചിൻ ഷിപ്പ്യാർഡ്

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായിട്ടും സ്വകാര്യ മേഖലയിൽ പുതിയ കപ്പൽ നിർമ്മാണ ഫാക്ടറികൾ ആരംഭിച്ചതുമൂലവും കൊച്ചിൻ ഷിപ്പ്യാർഡിന് മതിയായ ഓർഡർ ലഭിക്കുന്നില്ല. ഗവൺമെന്റിന്റെ കപ്പൽ നിർമ്മാണ ഓർഡറുകളെങ്കിലും കൊച്ചിൻ ഷിപ്പ്യാർഡിന് നൽകിയാൽ ഒരുപരിധി വരെ ഈ പ്രതിസന്ധിക്ക് പരിഹാരമാകും.

## കൊച്ചി തുറമുഖം

വല്ലാർപാടത്ത് കപ്പൽ അടുപ്പിക്കാൻ ആവശ്യമായ ആഴം നിലനിർത്തുന്നതിനുള്ള ആവർത്തന ഡ്രെഡ്ജിംഗ് നടത്തേണ്ടിവരുന്നതുകൊണ്ട് കൊച്ചി തുറമുഖത്തിന് പ്രതിവർഷം വളരെ വലിയ തുക ചെലവഴിക്കേണ്ടതുണ്ട്. റവന്യൂ വിഹിതമായി ലഭിക്കുന്ന വരുമാനം ഈ തുകയുടെ മൂന്നിലൊന്നു മാത്രമേയുള്ളൂ. ഈ അവസ്ഥ ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൊച്ചി തുറമുഖത്തെ നയിക്കുകയുണ്ടായി.

[signature]

സെക്ഷൻ ഓഫീസർ